# കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

## ഭവന സമുന്നതി-അഗ്രഹാരങ്ങളുടെയും ജീർണ്ണാവസ്ഥയിലുള്ള ഭവനങ്ങളുടെയും പുനരുദ്ധാരണം

***നിബന്ധനകളും, മാർഗ്ഗനിർദേശങ്ങളും***

- പുനരുദ്ധാരണം നടത്തേണ്ട അഗ്രഹാരങ്ങളിലെ/ വീടുകളിലെ റേഷൻകാർഡുടമയുടെ പേരിലായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.
- അപേക്ഷകർ (ഗൃഹനാഥൻ/ഗൃഹനാഥ) കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്നവരായിരിക്കണം. (വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/ SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് എന്നിവ രേഖകളായി സ്വീകരിക്കുന്നതാണ്.)
- ഉടമസ്ഥാവകാശം തെളിയിക്കുന്നതിലേക്കായി 2016-17/ 2017-18 സാമ്പത്തിക വർഷത്തിലെ വീട്ടുകരം അടച്ച രസീത് ഹാജരാക്കണം. വീട് അപേക്ഷകന്റെയോ ഭാര്യ/ഭർത്താവിന്റെയോ പേരിലായിരിക്കണം.
- പുനരുദ്ധാരണത്തിന് അപേക്ഷ നൽകുന്ന വീട്ടുടമസ്ഥർ, നിലവിൽ അതാത് വീടുകളിലെ താമസക്കാരായിരിക്കണം. ഇത് സംബന്ധിച്ച നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
- സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ഭവന പദ്ധതികളുടെ ഗുണഭോക്താവായി മുമ്പ് തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർ അപേക്ഷ സമർപ്പിക്കുവാൻ അർഹരല്ല.
- സർക്കാർ/ അർദ്ധ സർക്കാർ/പൊതുമേഖല/ബാങ്കിംഗ്/കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ ജോലിനോക്കുന്നവരും സർവ്വീസിൽ നിന്ന് വിരമിച്ചവരും അവരുടെ ആശ്രിതരും വിദേശത്ത് ജോലി ചെയ്യുന്നവരും അവരുടെ ആശ്രിതരും ഈ പദ്ധതിയിൽ അപേക്ഷിക്കുന്നതിന് അർഹരല്ല.
- അപേക്ഷകന്റെ/ അപേക്ഷകയുടെ **കുടുംബ വാർഷിക വരുമാനം** എല്ലാ മാർഗ്ഗങ്ങളിൽ നിന്നും രണ്ടു ലക്ഷം രൂപ കവിയാൻ പാടുള്ളതല്ല.
- അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം.
- സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് അപേക്ഷകർക്ക് ധനസഹായം ലഭ്യമാക്കുന്നത്. കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപ വരെയുള്ളവർക്ക് ഈ സ്കീമിൽ അപേക്ഷിക്കാമെങ്കിലും BPL കാർഡുടമകൾ, വളരെ കുറഞ്ഞ വരുമാനം ഉള്ളവർ സ്ത്രീകൾ എന്നിവർക്ക് മുൻഗണന നൽകിയായിരിക്കും ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്നത്.
- ഒരേ വരുമാനമുള്ളവരെ പരിഗണിക്കുമ്പോൾ താഴെപ്പറയുന്ന കുടുംബങ്ങൾക്കായിരിക്കും മുൻഗണന നൽകുക. ഇത് സംബന്ധിച്ച നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

1. ദാരിദ്ര്യരേഖക്ക് താഴെ വരുമാനമുള്ളവർ.
2. വിധവ/അവിവാഹിത/ വിവാഹബന്ധം വേർപിരിഞ്ഞ/ ഒറ്റപ്പെട്ട സ്ത്രീകൾ ഗൃഹനാഥയായ കുടുംബം.
3. ഭിന്നശേഷി അംഗമുള്ള കുടുംബം.
4. മാതാപിതാക്കൾ നഷ്ടപ്പെട്ട/ മരണപ്പെട്ട കുട്ടികൾ ഉൾപ്പെട്ട കുടുംബം.

- ചുരുക്ക പട്ടികയിൽ ഉൾപ്പെട്ട അപേക്ഷകരുടെ വാസസ്ഥലം കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ സെലക്ഷൻ കമ്മിറ്റി നേരിട്ട് സന്ദർശിച്ച് പരിശോധനാ വിധേയമാക്കുന്നതാണ്.
- തെരെഞ്ഞെടുക്കപ്പെടുന്ന വീടുകൾ കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ, കോർപ്പറേഷൻ നിയോഗിക്കുന്ന എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതും പുനരുദ്ധാരണം സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമാണ്. പ്രസ്തുത എസ്റ്റിമേറ്റുകൾ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ സെലക്ഷൻ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമാക്കുകയും, അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതുമാണ്. പുനരുദ്ധാരണത്തിന്റെ ആവശ്യകത വിലയിരുത്തിയ ശേഷം ആവശ്യമായ തുക മാത്രമേ കോർപ്പറേഷൻ അനുവദിക്കുകയുള്ളൂ.
- അറ്റകുറ്റപ്പണികൾക്കായി നൽകുന്ന പരമാവധി ധനസഹായം വീടൊന്നിന് 2 ലക്ഷം രൂപയാണ്. പ്രസ്തുത തുക തിരിച്ചടക്കേണ്ടതില്ല. ധനസഹായം രണ്ട് ഘട്ടങ്ങളിലായി താഴെപ്പറയും പ്രകാരം വിതരണം ചെയ്യുന്നതാണ്.

| ഘട്ടം | നൽകുന്ന തുക | നിർമ്മാണ ഘട്ടം |
|---|---|---|
| ഒന്ന് | അംഗീകൃത എസ്റ്റിമേറ്റിന്റെ 50% | ഗുണഭോക്താവിനെ തിരഞ്ഞെടുക്കുന്ന അവസരത്തിൽ മുൻകൂറായി നൽകുന്നു. |
| രണ്ട് | അംഗീകൃത എസ്റ്റിമേറ്റിന്റെ ശേഷിക്കുന്ന തുക (50%) | നിർമ്മാണം പൂർത്തീകരിച്ചതായി കോർപ്പറേഷൻ ചുമതലപ്പെടുത്തിയ എഞ്ചിനീയറുടെ സാക്ഷ്യപത്രം (Completion Certificate) ലഭ്യമാകുന്ന സമയത്ത് നൽകുന്നു. |

- മുന്നാക്ക സമുദായ കോർപ്പറേഷൻ ഡയറക്ടർമാർ അംഗങ്ങളായുള്ള കമ്മിറ്റി പദ്ധതിയുടെ പുരോഗതിയും, ധനവിനിയോഗവും ഓരോഘട്ടത്തിലും വിലയിരുത്തുന്നതാണ്.
- തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റിയതായി തെളിയുന്ന പക്ഷം അനുവദിച്ച തുക 15% കൂട്ടുപലിശയും ചേർത്ത് തിരിച്ചടക്കേണ്ടതും പ്രസ്തുത പദ്ധതിയിലേക്ക് തുടർന്ന് അപേക്ഷിക്കാൻ അർഹനല്ലാതാകുന്നതുമാണ്.
- ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്.
- അപേക്ഷകൾ തപാൽ മുഖേനയോ നേരിട്ടോ കോർപ്പറേഷനിൽ ലഭ്യമാക്കേണ്ടതാണ്.

**അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 30.09.2017.**

XXXXXXXXXXXXXXXXXXXXXX

No.________ [for Office use]

PHOTO

# കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

## ഭവന സമുന്നതി- അഗ്രഹാരങ്ങളുടെയും ജീർണ്ണാവസ്ഥയിലുള്ള ഭവനങ്ങളുടെയും പുനരുദ്ധാരണം

### അപേക്ഷാ ഫോം

(നിബന്ധനകൾ പൂർണ്ണമായും വായിച്ചശേഷം മാത്രം അപേക്ഷ പൂരിപ്പിക്കുക)

1. അപേക്ഷക/അപേക്ഷകന്റെ പേര് (മലയാളത്തിൽ) : ശ്രീ/ശ്രീമതി. ............................
2. പേര് (ഇംഗ്ലീഷിൽ) : ....................................
3. ജനനതീയതി, വയസ്സ് : ....................................
4. അച്ഛന്റെ/ ഭർത്താവിന്റെ/ രക്ഷകർത്താവിന്റെ പേര് : ....................................
5. മതം, ജാതി : ....................................
   (ജാതി തെളിയിക്കുന്ന രേഖ -വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്/ SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്/ സ്കൂളിൽ നിന്നും ലഭിക്കുന്ന ജാതി രേഖപ്പെടുത്തിയ TransferCertificate ഉള്ളടക്കം ചെയ്യേണ്ടതാണ്)
6. തൊഴിൽ : ....................................
7. പൂർണ്ണമായ മേൽവിലാസം : ....................................
   (വില്ലേജ്,താലൂക്ക്,ജില്ല, പിൻകോഡ് സഹിതം) ....................................

   ....................................
8. ലാൻഡ് ലൈൻ/ മൊബൈൽ ഫോൺ നമ്പർ : ....................................
9. അപേക്ഷകന്റെ/ അപേക്ഷകയുടെ തൊഴിൽ : ....................................
10. കുടുംബ വാർഷിക വരുമാനം : ....................................
    (റവന്യൂ അധികാരി നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്)

11. അപേക്ഷകൻ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖല/ബാങ്കിംഗ്/കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരോ, സർവ്വീസിൽ നിന്ന് വിരമിച്ചവരോ അവരുടെ ആശ്രിതരോ വിദേശത്ത് ജോലി ചെയ്യുന്നവരോ അവരുടെ ആശ്രിതരോ ആണോ? (ആണെങ്കിൽ വിശദവിവരം നൽകുക) — അതെ/ അല്ല

12. അറ്റകുറ്റപ്പണി ആവശ്യമായ വീട് നമ്പർ, വാർഡ് നമ്പർ, വാർഡിന്റെപേര് : ........................................

13. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ പേര് : ........................................

14. 2016-17/2017-18 വർഷം വീട്ടുകരം,വസ്തുകരം അടച്ച രസീതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടോ : അതെ/ അല്ല

15. വീട് അപേക്ഷകന്റെ/ അപേക്ഷകയുടെ പേരിലാണോ : അതെ/ അല്ല

16. വീട് ഉൾപ്പെടുന്ന ഭൂമിയുടെ സർവ്വേ നമ്പർ : .....................................

17. ആധാർ നമ്പർ : ........................................
(പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്)

18. **ബാങ്ക് അക്കൗണ്ട് നമ്പർ** : ........................................
(ബാങ്ക് പാസ്ബുക്കിന്റെ പ്രസ്തുത പേജിന്റെ പകർപ്പ്)

19. റേഷൻകാർഡ് സംബന്ധിച്ച വിശദാംശങ്ങൾ : BPL/APL
(റേഷൻകാർഡിന്റെ 1,2 പേജുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്)

20. ഗൃഹനാഥ വിധവ/അവിവാഹിത/ വിവാഹബന്ധം വേർപിരിഞ്ഞ/ സ്ത്രീ ആണോ? : അതെ/ അല്ല

21. വീടിന്റെ നിലവിലെ സ്ഥിതി : ഓല മേഞ്ഞത്/ ഓടിട്ടത്/ കോൺക്രീറ്റ് കെട്ടിടം/ മറ്റുള്ളവ

22. വീടിന്റെ വിസ്തീർണ്ണം, കാലപ്പഴക്കം : ..............................

അപേക്ഷകന്റെ പേര് :

ഒപ്പ് :

തീയതി :

# <u>സാക്ഷ്യപത്രം</u>

..........................താലൂക്കിൽ.............................................. വില്ലേജിൽ ......................... പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ - ലെ .....................സർവ്വെ നമ്പറിലുള്ള ................... നമ്പർ വീട്ടിലെ അംഗമായ ......................................... (പേര്) പ്രസ്തുത വീടിന്റെ ഉടമസ്ഥനും സ്ഥിരതാമസക്കാരനുമാണെന്നും സർക്കാരിന്റെ ഇതര ഭവന പദ്ധതി കളുടെ ഗുണഭോക്താവായി തെരെഞ്ഞെടുക്കപ്പെട്ടിട്ടില്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകൻ/ അപേക്ഷക സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖല/ ബാങ്കിംഗ്/ കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതോ, സർവ്വീസിൽ നിന്ന് വിരമിച്ചതോ അവരുടെ ആശ്രിതരോ വിദേശത്ത് ജോലി ചെയ്യുന്നവതോ അവരുടെ ആശ്രിതരോ അല്ല എന്നുംസാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :

പേര് :

സ്ഥാനപ്പേര് :

സ്ഥലം :
തീയതി :

(NB:- സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മേയർ/ചെയർമാൻ/പ്രസിഡന്റ്/കൗൺസിലർ/മെമ്പർ/എം.പി/എം.എൽ.എ എന്നിവരിൽ ആരെങ്കിലുമായിരിക്കണം)

# <u>സാക്ഷ്യപത്രം</u>

.................. നമ്പർ റേഷൻ കാർഡിലെ അംഗമായ ............................................... (പേര്) ഗൃഹനാഥയാണെന്നും, അവിവാഹിത/ വിധവ/ വിവാഹബന്ധം വേർപിരിഞ്ഞ/ ഒറ്റപ്പെട്ട സ്ത്രീ/ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടി അംഗമായിട്ടുള്ള കുടുംബം (✓ *ചെയ്യുക*)ആണെന്നും സാക്ഷ്യപ്പെടുത്തുന്നു. റേഷൻകാർഡിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി ഉള്ളടക്കം ചെയ്യുന്നു.

ഒപ്പ് :

പേര് :

സ്ഥാനപ്പേര് :

സ്ഥലം :
തീയതി :

(NB:- സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മേയർ/ചെയർമാൻ/പ്രസിഡന്റ്/കൗൺസിലർ/മെമ്പർ/എം.പി/എം.എൽ.എ എന്നിവരിൽ ആരെങ്കിലുമായിരിക്കണം)

***അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്യേണ്ടതാണ്***

1. റേഷൻകാർഡ് 1,2 പേജുകൾ (പകർപ്പ്)
2. വരുമാന സർട്ടിഫിക്കറ്റ് (റവന്യൂ അധികാരി നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്)
3. ജാതി സർട്ടിഫിക്കറ്റ് (ജാതി തെളിയിക്കുന്ന രേഖ -വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്/ SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്/ സ്കൂളിൽ നിന്നും ലഭിക്കുന്ന ജാതി രേഖപ്പെടുത്തിയ TransferCertificate)
4. ആധാർ നമ്പർ (പകർപ്പ്)
5. വീട്ട് കരം അടച്ച രസീത് (പകർപ്പ്)
6. വസ്തുക്കരം അടച്ച രസീത് (പകർപ്പ്)
7. ബാങ്ക് പാസ്സ് ബുക്ക് (പകർപ്പ്)

**അപേക്ഷകൾ അയക്കേണ്ട വിലാസം**

മാനേജിംഗ് ഡയറക്ടർ

കേരള സംസ്ഥാന മുന്നാക്ക

സമുദായ ക്ഷേമ കോർപ്പറേഷൻ

L2, കുലീന, TC.9/476,ജവഹർ നഗർ,

കവടിയാർ. പി.ഒ, തിരുവനന്തപുരം- 695003.